## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5802

25. 05.2017 ൽ മറുപടിക്ക്

### കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി. ടി. ബൽറാം** | | **ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| **(എ)** | കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി രൂപീകരണം ഏത് ഘട്ടത്തിലാണ്; ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | **(എ)** | കൊച്ചി - പാലക്കാട് ഹൈടെക്ക് വ്യവസായ ഇടനാഴിയെ ബാംഗ്ലൂർ വരെ ബന്ധിപ്പിച്ച് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററുകൾ ഉൾപ്പെടുത്തിയിട്ടുള്ള ഒരു വ്യവസായ ഇടനാഴി രൂപീകരണത്തിന് സർക്കാർ നടപടികൾ എടുത്തുവരുന്നു. വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development and Implementation Trust (NICDIT) ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധോപദേശക ഏജൻസിയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനായി പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ എസ് ഐ ഡിസി) സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| **(ബി)** | ഏതൊക്കെ വ്യവസായങ്ങളാണ് പ്രസ്തുത ഹൈടെക് ഇടനാഴിയിൽ ഉൾപ്പെട്ടുത്തിയിട്ടുള്ളത്; | **(ബി)<br>&<br>(സി)** | പ്രസ്തുത പദ്ധതിയുടെ വിശദപഠനം കേന്ദ്ര സർക്കാർ നടത്തിയതിന് ശേഷം, കേരള സർക്കാർ സമർപ്പിക്കുന്ന വിശദമായ |

| | | | |
|---|---|---|---|
| സി) | പ്രസ്തുത ഹൈടെക് ഇടനാഴി സ്ഥാപിക്കുവാൻ എത്ര ഏക്കർ സ്ഥലം ആവശ്യമായി വരുമെന്നും എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ടെന്നും അതിന് എത്ര കോടി രൂപ ചെലവാകുമെന്നും അറിയിക്കുമോ; | | രൂപരേഖയുടെ അടിസ്ഥാനത്തിൽ മാത്രമേ വ്യവസായങ്ങളുടേയും, സ്ഥലം ഏറ്റെടുക്കൽ നടപടികളുടേയും, പദ്ധതിച്ചെലവിന്റേയും വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. |
| (ഡി) | പ്രസ്തുത വ്യവസായ ഇടനാഴി സംസ്ഥാനത്തെ വ്യവസായരംഗത്തെ എപ്രകാരം പോഷിപ്പിക്കുവാൻ ഉതകു മെന്ന് വെളിപ്പെടുത്തുമോ? | (ഡി) | പ്രസ്തുത വ്യവസായ ഇടനാഴി സ്ഥാപിക്കുക വഴി വ്യാവസായിക രംഗത്തേക്ക് നിരവധി സംരംഭകരെ ആകർഷിക്കുന്നതിനും വ്യാവസായിക ആഭ്യന്തര ഉൽപ്പാദന വർദ്ധനവിനും അതുവഴി സംസ്ഥാനത്തിന്റെ സാമ്പത്തിക ഉന്നമനവും ലക്ഷ്യമിടുന്നു. |

**സെക്ഷൻ ഓഫീസർ**